LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 100 കോടി 80 ലക്ഷം രൂപ (കോവിഡ് പാക്കേജ് ഇനത്തിൽ 10 കോടിയും 2019-20, 2020-21 വർഷങ്ങളിൽ വാർഷിക വിഹിതം ഇനത്തിൽ കുടിശ്ശികയായ 80 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചു).

കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി രൂപ

മലബാർ ദേവസ്വം ബോർഡ് - 49.12 കോടി രൂപ (നടപ്പ് സാമ്പത്തിക വർഷം 11,82,05,500 രൂപ അനുവദിച്ചു).

കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം രൂപ.

ദേവസ്വം ബോർഡിന് കീഴിലെ കുളങ്ങളുടെ നവീകരണം

88(5535) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കുളങ്ങളിൽ പലതും നവീകരിക്കാതെയും സംരക്ഷിക്കപ്പെടാതെയും മാലിന്യക്കൂമ്പാരമായി ശോചനീയമായ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുളങ്ങളിൽ പലതിനും വിസ്തൃതി കുറഞ്ഞുവരുന്നതും കയ്യേറ്റങ്ങൾ നടക്കുന്നതും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

&

(സി) ക്ഷേത്രങ്ങളുടെ ഭാഗം എന്നതിലുപരി ആവാസവ്യവസ്ഥയുടെയും പലതരം ജീവജാലങ്ങളുടേയും നിലനിൽപ്പിന് മുഖ്യ പങ്കുവഹിക്കുന്ന പ്രസ്തുത കുളങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(എ-സി) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി 2021-22 ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി മലബാർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച 9,67,85,000 രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ഒന്നാം ഗഡുവായി 73,51,985 രൂപ നൽകിയിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നുള്ള 5,12,16,000 രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രൊപ്പോസലും ലഭ്യമായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആയത് പരിഗണിക്കുന്നതാണ്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി 13-7-2021-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗത്തിൽ ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി രൂപപ്പെടുത്തുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പുമായി കൂടിയാലോചന നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വനം വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ദേവസ്വം ബോർഡുകൾ എന്നിവയുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് 29-7-2021-ൽ യോഗം ചേർന്ന് തുടർപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി.

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

89(5536) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ടി. ഐ. മധുസൂദനൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി വരുമാനം വർദ്ധിപ്പിക്കുന്നതിനുമുതകുന്ന പ്രത്യേകമായ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-7-2021-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം പ്രസിഡന്റുമാരുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.